"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - കാസർഗോഡ് ഡിവിഷനിലെ വിമുക്തി മിഷൻ ജില്ലാ മാനേജർ ശ്രീ.ജോയ് ജോസഫിന് പ്രത്യേക അവശത അവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1122/2024/TAXES തീയതി,തിരുവനന്തപുരം, 17-12-2024

---

പരാമർശം:-
1. സ ഉ (സാധാ) നം.45/2023/നി വ തീയതി 18/01/2023
2. സ ഉ (സാധാ) നം.838/2023/നി വ തീയതി 02/12/2023
3. ശ്രീ.ജോയ് ജോസഫ് 05/06/2024-ൽ സമർപ്പിച്ച അപേക്ഷ
4. എക്സൈസ് കമ്മീഷണറുടെ 03/10/2024-ലെ ഇഎക്സ് സി/1739/2023-എക്സ്ഡി4 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ഡിവിഷനിലെ വിമുക്തി മിഷൻ ജില്ലാ മാനേജർ ശ്രീ. ജോയ് ജോസഫ് 20.05.2022 തീയതിയിൽ കാസർഗോഡ് എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡിൽ സർക്കിൾ ഇൻസ്പെക്ടറായിരുന്ന വേളയിൽ കുമ്പള എക്സൈസ് റേഞ്ച് പരിധിയിൽപ്പെട്ട സോങ്കൽ എന്ന സ്ഥലത്ത് വച്ച് ഡിപ്പാർട്ട്മെന്റ് വാഹനമായ KL 01-AV-152-ൽ പട്രോൾ നടത്തവെ വ്യാജമദ്യം കടത്തിക്കൊണ്ട് വരികയായിരുന്ന ഒരു സ്വിഫ്റ്റ് കാർ ഇടിച്ചുണ്ടായ അപകടത്തെ തുടർന്ന് ഗുരുതര പരിക്കുപറ്റി ശസ്ത്രക്രിയയ്ക്ക് വിധേയനാകുകയും ചികിത്സാർത്ഥം അവധിയിൽ പ്രവേശിച്ചിരുന്ന 21.05.2022 മുതൽ 16.11.2022 വരെയുള്ള 180 ദിവസത്തെ അവധിയും തുടർ ചികിത്സാർത്ഥം അവധിയിൽ പ്രവേശിച്ച 13.06.2023 മുതൽ 26.08.2023 വരെയുള്ള 75 ദിവസത്തെ അവധിയും പരാമർശം (1) (2) ഉത്തരവുകൾ പ്രകാരം സ്പെഷ്യൽ ഡിസെബിലിറ്റി ലീവായി അനുവദിച്ചിട്ടുള്ളതാണെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി അപകടത്തെ തുടർന്ന് നടത്തിയ ശസ്ത്രക്രിയയ്ക്കിടെ ശരീരത്തിൽ ലോഹ ദണ്ഡുകൾ ഘടിപ്പിച്ചിരുന്ന ഭാഗത്തുണ്ടായ അണുബാധമൂലം മംഗലാപുരത്തുള്ള ആശുപത്രിയിൽ വീണ്ടും ശസ്ത്രക്രിയയ്ക്ക് വിധേയനായിരുന്നുവെന്നും ശസ്ത്രക്രിയയുടെ ചികിത്സാർത്ഥം 05.06.2024 തീയതി മുതൽ 02.09.2024 വരെ സ്പെഷ്യൽ ഡിസേബിലിറ്റി അവധിയ്ക്കായി ശ്രീ.ജോയ് ജോസഫ് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് എക്സൈസ് കമ്മീഷണർ പരാമർശം (4) പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 98

പ്രകാരമുള്ള പ്രത്യേക അവശത അവധി 4 മാസങ്ങളിൽ അധികമാകാതെ പരമാവധി 119 ദിവസത്തേയ്ക്കാണ് ചട്ടപ്രകാരം അനുവദനീയമായത്. കെ. എസ്. ആർ. ഭാഗം ഒന്ന്, ചട്ടം 97 ലെ മറ്റ് വ്യവസ്ഥകൾ കെ.എസ്.ആർ, ഭാഗം 1, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാ അവധിയ്ക്കും ബാധകമാക്കിയിട്ടുണ്ട്. 97 (5) പ്രകാരം ഉദ്യോഗസ്ഥന് സംഭവിച്ച അവശത ഗുരുതരമാവുകയോ പിന്നീടുള്ള ഒരു തീയതിയിൽ സമാന സാഹചര്യങ്ങൾ ഉടലെടുക്കുകയോ ചെയ്യുന്ന പക്ഷം, ഈ അവധി, ഒന്നിൽ കൂടുതൽ ഘട്ടങ്ങളായി അനുവദിക്കാവുന്നതാണ്. ആയതിനാൽ ശ്രീ.ജോയ് ജോസഫിന് പരാമർശം (2) പ്രകാരം 13/06/2023 മുതൽ 26/08/2023 വരെ (27/08/2023 മുതൽ 31/08/2023 വരെ പിൻചേർത്ത്) കെഎസ്ആർ പാർട്ട് 1 റൂൾ 98 പ്രകാരം 75 ദിവസത്തേക്ക് അനുവദിച്ചിരുന്ന പ്രത്യേക അവശതാവധി ശേഷം അവശേഷിക്കുന്ന 44 ദിവസത്തെ അവശതാവധി 05/06/2024 മുതൽ 44 ദിവസത്തേക്ക് പരിമിതപ്പെടുത്തി കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 98 പ്രകാരം പൂർണ്ണ ശമ്പളത്തോടെ പ്രത്യേക അവശത അവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ശ്രീ. ജോയ് ജോസഫ്, വിമുക്തി മിഷൻ ജില്ലാ മാനേജർ ,കാസർഗോഡ് (എക്സൈസ് കമ്മീഷണർ മുഖേന)
3) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4) ധന വകുപ്പ്.(EXP-B1/632/2022-FIN dated, 07/12/2024 പ്രകാരം)
5) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 17-12-2024 12:51:59
സെക്ഷൻ ഓഫീസർ